Official Monthly Bulletin
December 2013

# MARIAN



**St. Mary's Indian Orthodox Cathedral**
P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail: info@stmarybahrain.com Website: www.stmarybahrain.com

St. Mary's Indian Orthodox Cathedral
P.O.Box 834, Manama, Kingdom of Bahrain, Tel: 17252980 Fax: 17276092
E-Mail: stmarys@batelco.com.bh, Website: www.stmarybahrain.com

# *Merry Christmas & Happy New Year*



H.G.Yuhanon Mar Polycarpos
(Ankamali)



ക്രിസ്മസ്സ് പുതുവത്സര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നതിനായി കത്തീഡ്രലിലേക്ക് എഴുന്നൊള്ളുന്ന അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പസ് തിരുമേനിക്ക് സ്വാഗതം

# MARIAN

## എഡിറ്റോറിയൽ



Monthly News Bulletin
**St. Mary's Indian Orthodox Cathedral**
Kingdom of Bahrain
December 2013, Issue XI

**Memorial Day**
December 21st



**St. Thomas**

**Memorial Day**
December 8th



H.H. Baselios Augen I Catholicos (1964-1975)

**Memorial Day**
December 17th



H.H. Baselios Geevarghese I Catholicos (1925-1928)

**Editorial Board**

| | | |
|---|---|---|
| Chief Editor | : | Thomas Vaidyan P.K. |
| Editors | : | Robby Punnen , Sijumon Chacko |
| Photos | : | Diju John, Lijo Thuruthel |
| Type Setting | : | Anu T. Koshy, Sam Philip |

"ജാതികൾ നിൻെറ പ്രകാശത്തിലേക്കും രാജാക്കന്മാർ നിൻെറ ഉദയ ശോഭയിലേക്കും വരും." ( യെശ 60: 3) വിണ്ണിലെ സന്തോഷവും സമാധാനവും നിറയുവാനായി ഒരു ക്രിസ്ത്മസ് രാവുകൂടി വരവായി......

നമുക്ക് ഒരു ശിശുജനിച്ചിരിക്കുന്നു, നമുക്ക് ഒരുമകൻ നൽകപ്പെട്ടിരിക്കുന്നു ആധിപത്യം അവൻെറ തോളിൽ ഇരിക്കും അവൻ അത്ഭുതമന്ത്രി വീരനാം ദൈവം നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും"(യെശ. 9:7).ഝമനുഷ്യ സമൂഹത്തിൻെറ തന്നെ ഐക്യവും , സ്നേഹവും സാഹോദര്യവും വീണ്ടെടുക്കുന്നതിനായി ദൈവപുത്രൻെറ തിരുപ്പിറവി വരവായി....

താഴ്ച്ചയുടെയും പരിപൂർണ്ണ സമർപ്പണത്തിൻെറ യും നിറകുടമായ പരി: കന്യക മറിയാമിൻെറ മടിയിൽ അതീവ ശോഭയോടെ കാണപ്പെട്ട ലോക രക്ഷകനായ ഉണ്ണിയേശുവിനെ നമുക്ക് സാഷ്ഠാഗം പ്രണാമിക്കാം.

ദീപ പ്രഭ ചൊരിയുന്ന മെഴുകുതിരികളും, തിരുപിറവിആലംഖൃതമായ പുൽകൂടുകളുമായി നമുക്ക് ഉണ്ണിയേശുവിനെ വരവേൽക്കാം. സ്ന്തോഷത്തിൻെറയും സമാധാനത്തിൻെറയും പ്രഭ അനർഗളമായി ചൊരിയുന്നതിനു രെക്ഷകൻെറ ജനനപെരുനാൾ നമുക്ക് പ്രചോദനമാകട്ടെ യെന്ന് ആശംസിക്കുന്നു

പ്രാർത്ഥനയോടെ..

റോബി പുന്നൻ.
എഡിറ്റർ

Published by St. Mary's Indian Orthodox Cathedral, Kingdom of Bahrain
for private circulation among Cathedral members only.



## സമാധാനത്തിന്റെ പ്രഭു

ഈ ലോകത്തിലേക്ക് സമാധാനത്തിന്റെ സന്ദേശവുമായി കടന്നു വരികയും അത് പഠിപ്പിക്കുകയും ചെയ്തത് യേശുക്രിസ്തു മാത്രമേയുള്ളൂവെന്ന് നമുക്ക് കാണാം. 'എന്റെ സമധാനം ഞാൻ നിങ്ങൾക്ക് തരുന്നു, അത് ലോകം തരുന്നതു പോലെയല്ല'. ക്രിസ്തുവിന്റെ സമാധാനം എന്തെന്ന് തിരിച്ചറിഞ്ഞ് ഉൾക്കൊണ്ട് ജീവിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോയെന്ന് ആത്മശോധന ചെയ്യുവാൻ ഈ ക്രിസ്മസ് കാലം നാം വേർതിരിക്കണം.

സൂര്യനും നക്ഷത്രജാലങ്ങളും ദൈവത്താൽ സൃഷ്ടിക്കപ്പെട്ട പ്രകാശങ്ങളാണെങ്കിൽ സൃഷ്ടിക്കപ്പെടാത്ത പ്രകാശമാണ് ദൈവം. ഈ പ്രകാശം രാപകൽ വ്യത്യാസമില്ലാതെ മനുഷ്യഹൃദയങ്ങളിൽ പ്രശോഭിക്കുകയും മനുഷ്യരെ പ്രകാശമാക്കി രൂപാന്തരപ്പെടുത്തുകയും ചെയ്യും. 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്ന ക്രിസ്തുവിന്റെ പ്രഖ്യാപനത്തിൽ നിന്ന് ഇതു വെളിവാകുന്നു. എന്നാൽ നമ്മുടെ പാപത്തിലുള്ള ജീവിതം തുടരുന്നിടത്തോളം കാലം ഈ ദൈവ പ്രകാശം കാണുന്നതിനോ അനുഭവിക്കുന്നതിനോ നമുക്ക് സാധിക്കുന്നില്ല, പാപത്തിൽ നിന്ന് സ്വതന്ത്രമായെങ്കിൽ മാത്രമേ നമൂക്ക് ദൈവകൃപയിലൂടെ തന്റെ യഥാർത്ഥ പ്രകാശം തിരിച്ചറിയുവാൻ സാധിക്കുകയുള്ളൂ. മുൾമരത്തിൽ മോശയ്ക്കും, കർത്താവിന്റെ ജനന സമയത്ത് ആട്ടിടയന്മാർക്കും വെളിപ്പെട്ട പ്രകാശം ദമസ്ക്കോസിലേക്കുള്ള യാത്രയിൽ ശൗലിനും അനുഭവപ്പെടുന്നു. സഭാവർഷ കലണ്ടർ പ്രകാരമുള്ള ആദ്യത്തെ നോമ്പായ യൽദോ നോമ്പ് നിഷ്ഠയോടുകൂടി ആചരിക്കുന്നതിലൂടെ അനുതാപത്തിന്റെ അനുഭവത്തിൽ ആയിരിപ്പാനും അതിലൂടെ ഈ പ്രകാശത്തെ സ്വായത്തമാക്കുവാനും അങ്ങനെ സമാധാനത്തിന്റെ സന്ദേശം സമൂഹത്തിന് പകർന്നു നൽകുവാനും നമുക്ക് സാധിക്കട്ടെ.

ക്രിസ്മസ് കാലം വർണ്ണങ്ങളുടെയും, ആഘോഷങ്ങളുടെയും നാളുകളാണല്ലോ. ഭ്രമിപ്പിക്കുന്ന ആഘോഷങ്ങളിൽ മുങ്ങിപ്പോകാതെ നമ്മുടെ ജീവിതശൈലികളെ ഒന്നു പുതുക്കി അതിലൂടെ സന്തോഷവും സമാധാനവും കണ്ടെത്തുവാൻ ഈ നോമ്പുകാലവും ജനനപ്പെരുന്നാളും നമ്മെ പ്രാപ്തരാക്കട്ടെ.

ഫാ. വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ

**E-mail: vattaparampilachen@gmail.com**
**Mob: 39445358**



# മാർത്തോമ്മ സ്മൃതികൾ

സംഭവ ബഹുലമായ ഒരു വർഷത്തിൻെറ അന്ത്യത്തിലേക്ക് കടക്കുന്ന മാസം. ലോകരക്ഷകൻെറ ജനനസന്ദേശം ഉൾക്കൊള്ളുന്ന ഡിസംബർ. യേശുക്രിസ്തുവിൻെറ അരുമ ശിഷ്യനായിരുന്ന മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വം ആചരിക്കുന്ന പുണ്യദിനം, വിശുദ്ധ യെൽദോ നോമ്പ് ആചരിക്കുന്ന പുണ്യമാസം.

നൂറ്റാണ്ടുകൾക്ക് മുമ്പ് ലോകമെങ്ങും പോയി എൻെറ സുവിശേഷം അറിയിക്കുക എന്ന അരുമ നാഥൻെറ അവസാനത്തെ കൽപന പാലിക്കുന്നതിന് ഇന്ത്യായിൽ എഴുന്നെള്ളി ക്രൈസ്തവ സഭക്ക് ഭാരതത്തിൽ ബീജാവാപം ചെയ്ത നമ്മുടെ കാവൽ പിതാവായ മാർത്തോമ്മായുടെ പാവന ചരിതം അഭിമാനത്തോടെ ഓർമ്മിക്കുമ്പോൾ ആ ശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന മലങ്കര സഭ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

യേശുക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തിനുശേഷം രൂപം കൊണ്ട പ്രഥമ സഭയാണ് യേരുശലേം സഭ . അതിനാൽ സഭകളുടെ മാതാവായി യേരുശലേം സഭയെ പരിഗണിക്കുന്നു. സഭയുടെ ജന്മനാൾ എന്നറിയപ്പെടുന്ന പെന്തിക്കോസ്തിനാളിൽ പരിശുദ്ധാത്മാവ് അഗ്നിനാവിൻെറ രൂപത്തിൽ ഇറങ്ങി അവിടെ സമ്മേളിച്ചവരുടെ മേൽ വ്യാപരിക്കുന്നതായി അപ്പോ: പ്രവർത്തികൾ 2:9 ൽ രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവിൻെറ സ്വർഗ്ഗാരോഹണത്തിനു ശേഷം രണ്ടാം വർഷം യേശുക്രിസ്തുവിൻെറ ഉപദേശം അനുസരിച്ച് സുവിശേഷം അറിയിക്കുവാൻ മാർത്തോമ്മ ശ്ലീഹാ, പാർത്ഥ്യ, മേദ്യ മുതലായ പൗരസ്ത്യ ദേശങ്ങളിലേക്ക് യാത്രയായി. യഹൂദന്മാരിൽ നിന്നും നേരിട്ടുകൊണ്ടിരുന്ന പീഢയും, സ്തേഫാനോസിൻെറ വധവും നിമിത്തം ശ്ലീഹന്മാർ എല്ലാവരും യേരുശലേമിലെ മാതൃസഭയുടെ പരിചരണത്തിന് അവിടെ താമസിക്കേണ്ടി വന്നു. അതിനാൽ മാർത്തോമ്മ ശ്ലീഹാ 72 അറിയിപ്പുകാരിൽ ഒരുവനും തൻെറ ശിഷ്യനുമായ ആദായിയെ (തദ്ദായി) കൈവെപ്പ് കൊടുത്ത് എഡേസയിലേക്ക് (ഉറഹാ) തനിക്കു മുൻപേ നിയോഗിച്ചു. എഡേസയിലെ അബ്ഗാർ രാജാവിൻെറ കഠിനമായ രോഗം മാർത്തോമ്മ ശ്ലീഹായുടെ അനുഗ്രഹത്താൽ ആദായിമൂലം മാറുകയുണ്ടായി. ശ്ലീഹാ ഉറഹാ, തിഗ്രിസ്, സെലൂഷ്യ, മുതലായ സ്ഥലങ്ങളിൽ ക്രിസ്തുവിനെ സാക്ഷിക്കുകയും, പിന്നീട് കിഴക്കോട്ട് യാത്ര ചെയ്ത് ഇന്ത്യയിൽ എത്തി സഭ സ്ഥാപിച്ചു. മാലിയങ്കരയിൽ എഡി.52ൽ ആഗതനായ ശ്ലീഹാ കേരളത്തിൽ ഏഴരപള്ളികൾ സ്ഥാപിക്കുകയും വിവിധ ബ്രാഹ്മണ കുടുംബങ്ങളിൽ നിന്നും വൈദികരെ അഭിഷേകം ചെയ്തു. ഭാരതത്തിൽ എല്ലായിടവും സഭ സ്ഥാപിച്ച് ക്രൈസ്തവ ചൈതന്യം നമുക്ക് പകർന്നുതന്ന മാർത്തോമ്മ ശ്ലീഹാ ഒരു ഡിസംബർ 18ന് ശത്രുക്കളുടെ കുന്തത്താൽ കുത്തേൽക്കുകയും ഡിസംബർ 21ന് ഇഹലോക വാസം വെടിയുകയും ചെയ്തു. മൈലാപ്പൂരിൽ കബറടങ്ങിയ ശ്ലീഹായുടെ തിരുശേഷിപ്പ് പിന്നീട് ഉറഹായിലേക്ക് കൊണ്ടു പോയതായി ചരിത്രം രേഖപ്പെടുത്തുന്നു. കൊണ്ടുപോയ വഴി കലാമിനാ എന്ന അന്നത്തെ ബഹറിൻ ദേശത്ത് മാതാവിൻെറ നാമത്തിൽ ഒരു ദേവാലയം ഉണ്ടായിരുന്നു എന്നും അവിടെ തിരുശേഷിപ്പ് ദർശനത്തിനുവച്ചതായും ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. നമുക്ക് ഈ ശ്ലീഹായുടെ മദ്ധ്യസ്ഥയിൽ അഭയം പ്രാപിക്കുകയും ഡിസംബർ 21ന് പെരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും ചെയ്യാം. എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ നേർന്നുകൊണ്ട്

സ്നേഹത്തോടെ

**ജോസഫ് ചീനിക്കാല**

(കത്തീഡ്രൽ ട്രസ്റ്റി)



സ്നേഹനിധികളായ വിശ്വാസികളെ,

സംഹാരത്തിൻെറ ശൈലിയിൽ നിന്നും സ്നേഹത്തിൻെറയും ത്യാഗത്തിൻെറയും ക്ഷമയുടെയും ശൈലി സ്വന്തം ജീവിതം കൊണ്ട് നമ്മെ പഠിപ്പിച്ച് മനുഷ്യ വർഗ്ഗത്തിൻെറ രക്ഷകനായി ജനിച്ച് പാപരഹിതനായി ഈ ലോകത്ത് ജീവിക്കാം എന്ന് തെളിയിച്ചവനായ മശിഹാ, പിതാവായ ദൈവത്തിൻെറ സ്നേഹത്താലും, പരിശുദ്ധാത്മാവാം ദൈവത്തിൻെറ ശക്തിയും, സാത്താൻെറ പരീക്ഷണങ്ങളെ അതിജീവിച്ച് മനുഷ്യകുലത്തെ രക്ഷിച്ച് വീണ്ടും വരും എന്ന പ്രത്യാശ നമുക്ക് നൽകിയവനായ ക്രിസ്തുയേശുവിൻെറ ജന്മദിനത്തെ നമുക്ക് ആസ്വദിക്കാം, അവൻെറ ഇഷ്ടങ്ങളെ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാം.

ആദ്യഫലപെരുനാളിൻെറ രണ്ടാം ഘട്ടം സമ്പൂർണ്ണ വിജയമാക്കി തന്ന എല്ലാവർക്കും നന്ദി. യുവജനപ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ ലേബർക്യാമ്പിലെ പാവങ്ങളായ തൊഴിലാളികൾക്ക് ഭക്ഷണവും വസ്ത്രവും നൽകുന്ന പദ്ധതി വിജയിപ്പിക്കുവാൻ എല്ലാവരും സഹകരിക്കണം എന്നപേക്ഷിക്കുന്നു.

ക്രിസ്മസ്, ന്യൂ ഇയർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാനായി നമ്മുടെ കത്തീഡ്രലിലേക്ക് കടന്നു വരുന്ന അഭി. യൂഹാനോൻ മാർ പോളീക്കാർപ്പസ് തിരുമേനിയെ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. ഡിസംബർ 27 വെള്ളിയാഴ്ച ഇൻഡ്യൻ സ്കൂളിൽ വെച്ച് നടക്കുന്ന ഇടവകദിന-ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കു ചേരുവാനായി എല്ലാ വിശ്വാസികളെയും സ്വാഗതം ചെയ്യുന്നു.
കെ.സി.ഇ.സി. യുടെ നേതൃത്വത്തിൽ ജനുവരി ഒന്നാം തീയതി നടക്കുന്ന സംയുക്ത ക്രിസ്മസ് കാരൾ റാലിയിൽ നമ്മളും ഭാഗഭാക്കാകേണ്ടതുണ്ട്. ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളും കടന്നു വന്ന് ക്രിസ്മസ് ആഘോഷങ്ങൾ വിജയിപ്പിക്കുവാനായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കാവൽ പിതാവായ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിൻെറ ഓർമ്മ നമുക്ക് ശക്തി പകരട്ടെ. നീതിമാനായ യോസഫ് പിതാവിൻെറ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ. എല്ലാ തലമുറയും ഭാഗ്യവതി എന്ന് വാഴ്ത്തുന്ന നമ്മുടെ മാതാവിൻെറ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം പ്രാപിക്കാം. എല്ലാവർക്കും പുതുവർഷത്തിൻെറയും ക്രിസ്തുമസിൻെറയും ആശംസകൾ മുൻകൂറായി നേർന്നുകൊണ്ട്

ഒത്തിരി ഒത്തിരി സ്നേഹത്തോടെ
നിങ്ങളുടെ സ്വന്തം
**ജേക്കബ് പുല്ലാകുടിയിൽ**
(കത്തീഡ്രൽ സെക്രട്ടറി)




## HARVEST FESTIVAL 2013








HARVEST FESTIVAL 2013






HARVEST FESTIVAL 2013









HARVEST FESTIVAL 2013








## HARVEST FESTIVAL 2013












HARVEST FESTIVAL 2013










OCYM Labour camp visit article Collection







Vanithasamajam Parental Conference

Vanithasamajam Parental Conference





**ST.THOMAS ORTHODOX CHRISTIAN YOUTH MOVEMENT**
**ST.MARY'S INDIAN ORTHODOX CATHEDRAL**
KINGDOM OF BAHRAIN

# മരുഭൂമിയിലെ ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് ഒരു സ്നേഹ സഞ്ചാരം

എനിക്കു വിശന്നു,
നിങ്ങൾ ഭക്ഷിപ്പാൻ തന്നു;
ദാഹിച്ചു,
നിങ്ങൾ കുടിപ്പാൻ തന്നു;
ഞാൻ നഗ്നനായിരുന്നു, നിങ്ങൾ
എന്നെ ഉടുപ്പിച്ചു.

(വി. മത്തായി 25:35)



പ്രിയരെ,

യുവജനപ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ബഹറിൻ 'നാഷണൽ ഡേ' ആഘോഷങ്ങളോടനുബന്ധിച്ച് 2013 ഡിസംബർ മാസം 16-ാം തീയതി ബഹറിനിലെ ഒരു ലേബർ ക്യാമ്പ് സന്ദർശിച്ച് അവിടെയുള്ള നമ്മുടെ സഹോദരങ്ങൾക്ക് പുതിയ വസ്ത്രങ്ങളും ഭക്ഷണ സാധനങ്ങളടങ്ങിയ കിറ്റും വിതരണം ചെയ്യുവാൻ ആഗ്രഹിക്കുന്നു. ഈ ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്യുന്നതെല്ലാം എനിക്കാകുന്നു ചെയ്യുന്നത് എന്നുള്ള തിരുവചനം അന്വർഥമാക്കുവാൻ ലഭിച്ചിരിക്കുന്ന ഈ അവസരത്തിൽ പങ്കാളികളാകൂ.

കത്തീഡ്രലിലെ മാർ തെയോഫിലോസ് ഹാളിൽ ഒരുക്കിയിരിക്കുന്ന ബോക്സിൽ നിങ്ങൾക്ക് പുതിയ വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും നിക്ഷേപിക്കാവുന്നതാണ്. ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക കോ-ഓർഡിനേറ്റർ ശ്രീ. അജു റ്റി. കോശി (39197328).

പ്രസ്ഥാനത്തിനു വേണ്ടി,

ഫാ. വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ (പ്രസിഡൻറ്)
ബിനു എം. ഈപ്പൻ (വൈസ് പ്രസിഡൻറ്)
ഷിബു. സി. ജോർജ്ജ് (സെക്രട്ടറി)




പള്ളിപരിസരത്ത് വാഹനങ്ങൾ പാർക്ക് ചെയ്ത് പരിസരവാസികൾക്ക്
അസൗകര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക

മനാമ ഏരിയായിൽ താമസിക്കുന്ന ശ്രീ. ജെജി ജോസഫിൻെറ ഭാര്യാ പിതാവ് ഈ ജോർജ്കുട്ടി 30/10/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം തുമ്പമൺ സ്ൻെറ് മേരീസ് ഓർത്ത്ഡോക്സ് കത്തീഡ്രലിൽ വെച്ച് നടത്തപെട്ടു.

---

ഇസാ ഠൗൺ സൽമാബാദ് ഏരിയായിൽ താമസിക്കുന്ന ശ്രീ. ജോസഫ് ചാക്കോയുടെ സഹോദരി ഭർത്താവ് ബാബു തോമസ് (47 വയസ്സ്) 10/11/2013 കർത്താവിൽ നിദ്ര പ്രാപിച്ചു ശവസംസ്കാരം തെങ്ങലി ഓർത്ത്ഡോക്സ് പള്ളിയിൽ വെച്ച് നടത്തപെട്ടു.

---

അദല്യാ / ഉമ്മൽഹസം ഏരിയായിൽ താമസിക്കുന്ന ശ്രീ ആലക്സാണ്ടർ തോമസിൻെറ സഹോദരി ലീലാമ്മ അലക്സാണ്ടർ(64 വയസ്സ്) 19/11/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം എർണാകുളം പൊന്നുരുണി സെൻറ് ഇഗ്നേഷ്യസ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

ചർച്ച് ഏരിയാ നോർത്തിൽ താമസിക്കുന്ന ശ്രീ.എബി ഡാനിയലിൻെറ പിതാവ് (60 വയസ്സ്) 28/11/2013 കർത്താവിൽ നിദ്ര പ്രാപിച്ചു .ശവസംസ്കാരം വാഴമുട്ടം മാർ ബെഹനാൻ ഓർത്ത്ഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

ഗുദേബിയാ ഏരിയായിൽ താമസിക്കുന്ന ശ്രീ.റെജി റ്റി ഇടുക്കളയുടെ സഹോദരൻ റെനി ഇടുക്കള (42 വയസ്സ്) 14/11/2013 ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പത്തനാപുരം ലാസെർ ഓർത്ത്ഡോക്സ് പള്ളിയിൽ വെച്ച് നടത്തപെട്ടു.

## സൺഡേ സ്കൂൾ

സൺഡേ സ്കൂൾ പുതിയ അദ്ധ്യാന വർഷം ജനുവരി 3 ാം തീയതി ആരംഭിക്കുന്നു. പുതിയതായി കുട്ടികളെ ചേർക്കുവാൻ താൽപര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെട്ട് അപേക്ഷ ഫോറം സ്വീകരിക്കാവുന്നതാണ്

## അറിയിപ്പുകൾ

ക്രിസ്മസ് സർവ്വീസ് 24/12/ 2013 വൈകിട്ട് 6.30 ന് കേരള സമാജം ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു.

കത്തീഡ്രൽ ആനുവൽഡേ 27/12/2013 വൈകിട്ട് 5ന് ഇൻഡ്യൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു, പ്രോഗ്രാം കൺ വീനറായി ശ്രീ. രെഞ്ചി മാത്യുവിനെ തെരെഞ്ഞെടുത്തു.

.
New Year Service 31/12/2013 രാത്രി 8.30ന് കത്തീഡ്രലിൽ വെച്ച് നടത്തപ്പെടുന്നു.

സെൻറ്പോൾസ് ഭവന സന്ദർശനം ജനുവരി 1 ാം തീയതി രാവിലെ 8.30 മുതൽ നടത്തപ്പെടുന്നു

കെ സി ഇ സി ക്രിസ്തുമസ് – പുതുവത്സര ആഘോഷം ജനുവരി 1 ാം തീയതി വൈകിട്ട് 4.00 മണിക്ക് ഇൻഡ്യൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു കത്തീഡ്രൽ ജനറൽ കൺവീനറായി ശ്രീ.മോൻസി ഗീവർഗീസിനെ തിരെഞ്ഞെടുത്തു

# New Members



**Mr. Lijo Sam**
Mammoottil Lijo Bhavan
Thazhakara,Mavelikara
Parish: St. Mary's Orthodox Church Puthiyakavu
Diocese: Mavelikara
Mob # 36616318
Roll # 2252
Area : Muharraq



**Mr. Jose Koshy**
436,Pulikkunnel, Sasthamkotta
Kollam,
Parish: St.Mary's Orthodox syrian Church
Diocese: Kollam
Mob: 39672692
Roll # 2253
Area: Muharraq.



**Mr. Nixon Pulikkottil**
Nixon Pulikkottil
Erumapetty, Kunnamkulam
Parish: St. George Orthodox Church
Diocese: Kunnamkulam
Mob # 39759976
Roll # 2254
Area:Manama



**Mr. Shiju K. Varghese**
Kizhakkeveettil, Mylapra
Parish: St. George Orthodox Church
Diocese: Thumpamon
Mob: 36153376
Roll # 2255
Area: Adliya / Umm al Hassam



**Mr. Mathew Kurien**
Charuvila Veedu
Karickom, Kottarakkara, Kollam
Parish: St. George Salem Orthodox Church
Diocese: Kottarakkara-Punaloor
Mob: 36088691
Roll # 2256
Area: Adliya / Um al hassam



**Mr. Sony Thomas**
Vadakekara,Kangazha,
Devagiri, Kottayam
Parish: St. Thomas Orthodox Church
Diocese: Kottayam
Mob: 36432802
Roll # 2257
Area: Gafool / Khamiss



**Mr. Biju John**
Nellikkalayil House
Kaipuzha north, Kulanada
Parish: St.John's Orthodox Valiya Palli
Diocese: Thumpamon
Mob: 39106905
Roll # 2258
Area: Riffa



**Mr.Chacko M.A.**
Malamannel, Ranni
Pathanamthitta
Parish: Thottamon St. Thomas OrthodoxChurch
Diocese: Nilakkal
Mob: 36063129
Roll # 2259
Area: Muharraq



**Mr. Eldo Mathai**
Paranthuvayalil,
Pattikkadu, Thrissur
Parish: Mar Baselious Orthodox Syrian Church
Diocese: Kochi
Mob: 336349414
Roll # 2260
Area: Salmabad



**Mr.Bibu M. Chacko**
Mulappampallil
Kudassanadu, Alapuzha
Parish: St.Steepheen's Orthodox Church
Diocese: Chenganoor
Mob: 39288728
Roll # 2261
Area: Riffa / Sitra.

ദിവ്യബോധനം P.O.C.E ക്ലാസ്സുകൾ എല്ലാ തിങ്കളാഴ്ച്ചയും വൈകിട്ട് 8.00 ന്
കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു.
D.O.C.E ക്ലാസ്സുകൾ എല്ലാ ചൊവ്വാഴ്ച്ചയും വൈകിട്ട് 8:00 നും
കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു.

| Date | Time | Area | Address /Venue |
|---|---|---|---|
| **06/12/2013** | **6.00 P M** | **Church South** | **Mr. Binu Raj**<br>Flat:701, Bld: 419, Blk:311<br>Mob: 39611251 |
| **06/12/2013** | **7.30 P M** | **Church North** | **Mr. Sunny Thomas**<br>Flat: 3, Bld: 521, Blk:311<br>Mob: 39144790 |
| 09/12/2013 | 8.00 P.M. | Isa Town / Salmabad | Mr. Sunil John<br>Villa: 6, Bidg:142, Rd: 2205<br>Mobile: 39889904 |
| **16/12/2013** | **7.30 P M** | **Guffol-Khamiss** | **Mr. Hardy Koshy**<br>Flat:42,Bldg:1208, Blk:356<br>Res.:172464012 / Mob.:39692187 |
| **20/12/2013** | **6.00 P M** | **Adliya / Ummal Hassam** | **Mr.Justin Vinsend John**<br>Bldg:209, Bldg:245, Rd: 376,Blk: 337<br>Mob: 33656860 / 39813246. |
| **20/12/2013** | **7.30 P M** | **Muharraq** | **Mr. Roy Thomas**<br>Flat:13, Bldg:1876,Blk:1557,Blk:215<br>Mob:36070561 / 17346959 |
| **19/12/2013**<br>**20/12/2013** | **6:00 P.M**<br>**6.00 P.M** | **Sh. Hammad/Lulu** | **X'mas Carol** |
| | | **Gudaibiya** | **To be announced** |
| | | **American Mission** | **To be announced** |
| | | **Hoora** | **To be announced** |
| | | **Manama** | **To be announced** |
| | | **Riffa / Sitra** | **To be announced** |
| | | **Salmaniya** | **To be announced** |



മലങ്കര ഓർത്തഡോക്സ് ചർച്ച് ടി.വി. ബഹറിൻ ന്യൂസ്സ് കറസ്പോണ്ടൻറായി തിരഞ്ഞെടുത്ത ശ്രീ. ഡിജു ജോണിനു കത്തീഡ്രലിൻെറ അഭിനന്ദനങ്ങൾ.!!

# *Favours Received*



Cheppadu thirumeni



**Saji Philip & Susan Saji**
**John Philip Mathew**



**Koshy Kottappurath Oomman & Shiney**
**Samson & Sheba Mariam**



**Alexander Thomas & Grace Alexander**
**Sara , Rachel & Leah Elizabeth**

**വന്ദ്യ മീഖായേൽ ഗബ്രിയേൽ ഏബ്രഹാം കോർഎപ്പിസ്കോപ്പ**

**വഴിയമ്പലത്തിൽ**

**(40 ാം ചരമദിനം 28 11 2013)**



Inserted by
Parish Members of St Mary’s Indian Orthodox Cathedral
Kingdom of Bahrain
From
St.George Orthodox Catholicate Simhasanappally, Piralassery,
St Mary’s Orthodox Cathedral Puthencavu,
St. Mary’s Orthodox Church Aarattupuzha, St Mary’s Orthodox Church Perissery,
Holy Innocent Orthodox Church Mezhuvely, St Gregorios Orthodox Church, Bethel Chengannur.